# THE SPOTLIGHT

## Voice of fathima

### Fathima Arts and sciences College Moothedam

# ഫാത്തിമ കോളേജ് യൂണിയൻ ഉദ്ഘാടനം




മൂത്തേടം:ഫാത്തിമ കോളേജിലെ 2026-27 അധ്യയന വർഷത്തെ കോളേജ് യൂണിയൻ പ്രവർത്തനങ്ങളുടെ ഉദ്ഘാട നം ഉജ്ജ്വലമായ ചടങ്ങുകളോടെ നടന്നു. ബ്ലോക്ക് പഞ്ചായത്ത് അംഗം ചടങ്ങ് ഉദ്ഘാടനം ചെയ്തു. വിദ്യാർത്ഥിക ളുടെ സർഗ്ഗശക്തിയെയും നേതൃത്വപാടവ ത്തെയും പ്രോത്സാഹി പ്പിക്കുന്നതാകണം യൂണിയൻ പ്രവർത്തനങ്ങ ളെന്ന് അവർ അഭിപ്രായപ്പെട്ടു.

കോളേജ് പ്രിൻസിപ്പാൾ ഫാ. ഡോ. ഷിബിൻ പി. ജെയിംസ് ചടങ്ങിൽ അധ്യക്ഷത വഹിച്ചു. കോളേജ് സി.ഇ.ഒ ഫാ. അബ്രഹാം പതാക്കൽ, ഗ്രാമപഞ്ചായത്ത് അംഗം ഉമ്മർ മുണ്ടയിൽ, പ്രോഗ്രാം കോ-ഓർഡിനേറ്റർ കെ. ശരണ്യ എന്നിവർ ആശംസകൾ നേർന്ന് സംസാരിച്ചു.

യൂണിയൻ അഡ്വൈസർ അസ്ന സ്വാഗതവും, കോളേജ് യൂണിയൻ സെക്രട്ടറി കെ. ലിയാന നന്ദിയും രേഖപ്പെടുത്തി. ഔദ്യോഗിക ചടങ്ങുകൾക്ക് ശേഷം വിദ്യാർത്ഥികളുടെ വിവിധ കലാപരിപാടികൾ അരങ്ങേറി. ഉച്ചയ്ക്ക് ശേഷം പ്രശസ്ത കലാകാരൻ എസ്.എം. സാക്കി അവതരിപ്പിച്ച മ്യൂസിക് പ്രോഗ്രാം ആഘോഷങ്ങൾക്ക് മാറ്റുകൂ
ട്ടി.

### കോളേജ് കലാമാമാങ്കം 'കലാകേളി'ക്ക് വർണ്ണാഭമായ തുടക്കം

മൂത്തേടം: വിദ്യാർത്ഥികളുടെ സർഗ്ഗാത്മക കഴിവുകൾ പരിപോഷിപ്പിക്കുന്നതിനായി കോളേജിൽ സംഘടിപ്പിച്ച 'കലാകേളി' ആർട്സ് ഡേ ആഘോഷങ്ങൾക്ക് ആവേശകരമായ തുടക്കം. കലാലയ മുറ്റത്തെ വർണ്ണാഭമായ ചടങ്ങിൽ കോളേജ് പ്രിൻസിപ്പാൾ ഫാ. ഡോ. ഷിബിൻ പി. ജെയിംസ് മേള ഉദ്ഘാടനം ചെയ്തു. വിദ്യാർത്ഥികളുടെ കലാപരമായ വളർച്ചയ്ക്ക് ഇത്തരം വേദികൾ അത്യന്താപേക്ഷിതമാണെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു.

ചടങ്ങിൽ കോളേജ് സി.ഇ.ഒ ഫാ. അബ്രഹാം പതാക്കൽ അധ്യക്ഷത വഹിച്ചു. യൂണിയൻ അഡ്വൈസർ കെ. അസ്ന, യൂണിയൻ സെക്രട്ടറി കെ. ലിയാന എന്നിവർ ആശംസകൾ നേർന്നു സംസാരിച്ചു.

ഉദ്ഘാടന ചടങ്ങുകൾക്ക് ശേഷം വിവിധ മത്സരങ്ങൾ അരങ്ങേറി. ലളിതഗാനം, മാപ്പിളപ്പാട്ട്, ഭരതനാട്യം, നാടോടിനൃത്തം തുടങ്ങി വൈവിധ്യമാർന്ന കലാമത്സരങ്ങളിൽ ആവേശത്തോടെയാണ് വിദ്യാർത്ഥികൾ പങ്കെടുത്തു.







"ഒരു ശിശുവിന്റെ ശരീരത്തിലും മനസ്സിലും ആത്മാവിലും ഉള്ള ഏറ്റവും നല്ലതിനെ വികസിപ്പിക്കുന്നതാണ് വിദ്യാഭ്യാസം."

# യൂണി യൻ ഭാരവാഹികൾ സത്യപ്രതിജ്ഞ ചെയ്തു.

മൂത്തേടം ഫാത്തിമ ആർട്സ് ആന്റ് സയൻസ് കോളേജിൽ 2025-26 അധ്യായന വർഷത്തെ കോളേജ് വിദ്യാർത്ഥി യൂണി യൻ ഭാരവാഹികൾക്കുള്ള സത്യപ്രതിജ്ഞ നടത്തി.
കോളേജ് പ്രിൻസിപ്പൽ ഫാ. ഡോ. ഷിബിൻ പി. ജെയിംസ് ചെയർമാൻ കെ. ലിയാനക്ക്
സത്യവചകം ചൊല്ലിക്കൊടുത്തു. തുടർന്ന്
യൂണിയൻ ഭാരവാഹികളായ വൈസ് ചെയർമാൻ ടി.പി.നേഹ നദാഷ, ജനറൽ സെക്രട്ടറി സി.പി.ഗാലീബ്, യു.യു.സി വി. പി.നൈഷാൻ ജോയന്റ് സെക്രട്ടറി സി.പി. മിസ് ല,ഫൈൻ ആർട്സ് സെക്രട്ടറി വി. എസ്.ആര്യാദേവി മാഗസിൻ എഡിറ്റർ ഫർ ഹാൻ ഷിഹാബ് എന്നിവർക്ക് ചെയർമാൻ സത്യ വാചകം ചൊല്ലിക്കൊടുത്തു.
ചടങ്ങിൽ കോളേജ് സി.ഇ.ഒ ഫാ. അബ്രഹാം പതാക്കൽ, തെരഞ്ഞെടുപ്പ് വരണാധികാരി ഡോ.നാജിയ ബീഗം, യൂണിയൻ സ്റ്റാഫ് അഡ്വൈസർ എം. അസ്ന തുടങ്ങിയവർ സംബന്ധിച്ചു.
തുടർന്ന് മധുരപലഹാര വിതരണവും നടന്നു.












# രക്ത ദാന ക്യാമ്പ്

എടക്കര: മൂത്തേടം ഫാത്തിമ ആർട്സ് ആന്റ് സയൻസ് കോളേജിൽ നാഷണൽ സർവീസ് സ്കീം യൂണിറ്റിന്റെ ആഭിമുഖ്യ ത്തിൽ രക്തദാന ക്യാമ്പ് സംഘടിപ്പിച്ചു. സന്നദ്ധ രക്തദാനത്തിന്റെ പ്രാധാന്യം വിദ്യാർത്ഥികളിൽ എത്തിക്കുക എന്ന ലക്ഷ്യത്തോടെയാണ് ക്യാമ്പ് നടത്തിയത്.




കോളേജ് പ്രിൻസിപ്പൽ ഫാ. ഡോ.ഷിബിൻ പി. ജെയിംസ് ക്യാമ്പ് ഉദ്ഘാടനം ചെയ്തു. ജീവിതശൈലി രോഗങ്ങൾ വർധിച്ചു വരുന്ന കാലഘട്ടത്തിൽ രക്തദാനം പോലുള്ള കാരുണ്യ പ്രവർത്തനങ്ങൾ സമൂഹത്തിന് വലിയ മാതൃകയാണെന്നും, ആരോഗ്യവാനായ ഒരാൾ നൽകുന്ന രക്തം മറ്റൊരാളുടെ ജീവൻ രക്ഷിക്കാനു ള്ള വലിയൊരു അവസരമാണെന്നും അദ്ദേഹം പറഞ്ഞു




ചടങ്ങിൽ കോളേജ് സി.ഇ.ഒ ഫാ. അബ്രഹാം പതാക്കൽ മുഖ്യസന്ദേശം നടത്തി. എൻ.എസ്.എസ് പ്രോഗ്രാം ഓഫീസർ അബ്ദുൾ ലത്തീഫ്, അസിസ്റ്റന്റ് പ്രോഗ്രാം ഓഫീസർ വി.ആർ. കാവ്യ എന്നിവർ ക്യാമ്പിന് നേതൃത്വം നൽകി. അധ്യാപകരും അനധ്യാപകരും വിദ്യാർത്ഥി കളും ഉൾപ്പെടെ നിരവധി പേർ ക്യാമ്പിൽ പങ്കുചേർന്ന് രക്തം ദാനം ചെയ്തു.
നിലമ്പൂർ ഗവ. ആശുപത്രിയിലെ ഡോ. കെ.അർച്ചനയുടെ നേതൃത്വത്തിൻ
,കൗൺസിലർ എ.പി.സജ്ന ,നഴ്സിംഗ് ഓഫീസർ ഷെറിൻ ബിന്ദ്, ബ്ലഡ് സെന്റർ ടെക്നിഷ്യൻ മാരായ പി.അഞ്ജന, ഭവ്യശ്രീ , അറ്റൻഡർ ജസീല എന്നിവരങ്ങിയ മെഡിക്കൽ സംഘമാണ് രക്തശേഖരണ ത്തിന് നേതൃത്വം നൽകിയത്. രക്തദാന ത്തിന് മുന്നോടിയായി വിദ്യാർത്ഥികൾക്കാ യി ബോധവൽക്കരണ ക്ലാസ്സും സംഘടിപ്പിച്ചിരുന്നു

# ലഹരി വിമോചന യുവത്വം മാലിന്യ മുക്ത ക്യാമ്പസ്

സ്കൂൾ, കോളേജ് കാമ്പസുകൾ മാലിന്യ - ലഹരി വിമുക്തമാക്കേണ്ടത് നമ്മുടെ ഉത്തരവാദിത്തവും കടമയുമാണെന്ന് ആര്യാടൻ ഷൗക്കത്ത് എം.എൽ.എ അഭിപ്രായപ്പെട്ടു. ഫാത്തിമ കോളേജിൽലഹരി വിമോചന യുവത്വം മാലിന്യ മുക്ത ക്യാമ്പസ് എന്ന പ്രമേയത്തിൽ സംഘടിപ്പി ച്ച യഞ്ജം 2k25 ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു.നിലമ്പൂർ ബ്ലോക്ക് പഞ്ചായത്തുമായി സഹകരിച്ചാ ണ് മൂത്തേടം ഫാത്തിമ ആർട്സ് & സയൻ സ് കോളേജ് എൻ.എസ്.എസ് യൂണിറ്റ് ഒരു വർഷം നീണ്ടു നിൽക്കുന്ന ലഹരി വിമോചന യുവത്വം മാലിന്യമുക്ത ക്യാമ്പസ് എന്ന പ്രമേയത്തിൽ യഞ്ജം 2025 പദ്ധതിക്ക് തുടക്കമിട്ടത്.സ്കൂൾ കോളേജു കാമ്പസുകളിലും പരിസരങ്ങളിലുംവ്യാപക മായി കൊണ്ടിരി ക്കുന്ന ലഹരി ഉപയോഗ ങ്ങൾക്കെതിരെ വിദ്യാർത്ഥികളെ ബോധ വത്കരിക്കുക, പുതിയൊരു മാലിന്യ സംസ്കാരം വിദ്യാർത്ഥികളിൽ വളർത്തി |യെടുക്കു യെന്ന ലക്ഷ്യത്തോടെ ലഹരി വിമോചന യുവത്വം – മാലിന്യമുക്ത ക്യാമ്പസ് എന്ന പേരിൽ എൻ.എസ്.എസ് യൂനിറ്റ് വിദ്യാർത്ഥികളുടെ കൂട്ടായ്മയിൽനിലമ്പൂർ ബ്ലോക്ക് പഞ്ചായത്തിലെ 22വിദ്യാലയങ്ങളിലും ഒരാഴ്ച നീണ്ടു നിൽ ക്കുന്ന പ്രചരണ ജാഥ പര്യടനം നടത്തും. കൂടാതെ വിവിധ ലഹരി -മാലിന്യ ബോധ വത്കരണ പരിപാടികളും അരങ്ങേറും.

നിലമ്പൂർ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് കെ പുഷ്പവല്ലി ടീച്ചർ അധ്യക്ഷത വഹിച്ചു.
ബത്തേരി രൂപത അധ്യക്ഷനും ഫാത്തിമ കോളേജ് മാനേജറുമായ ഡോ. ജോസഫ് മാർ തോമസ് മെത്തപ്പൊലീത്ത അനുഗ്ര ഹ പ്രഭാഷണം നടത്തി.കോളേജ് പ്രിൻസി പ്പാൾ ഫാ. ഡോ. ഷിബിൻ പി ജെയിംസ് മുഖ്യസന്ദേശം നൽകി.മൂത്തേടം ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് പി. ഉസ്മാൻ, കോളേജ്സി.ഇ.ഒ.ഫാ. അബ്രഹാം പതാക്കൽ,ബ്ലോക്ക് പഞ്ചായത്ത് വൈസ് പ്രസിഡന്റ് ഫാത്തിമ ഇസ്മയിൽ,ബ്ലോക്ക് പഞ്ചായത്ത് അംഗങ്ങളായ വാളപ്ര റഷീദ്, സജ്ന ,കോളേജ് യൂണിയൻ ചെയർമാൻ കെ. ലിയാന,ബ്ലോക്ക് പഞ്ചായത്ത് സെക്ര ട്ടറി ശിഹാബ്,എൻ.എസ്. എസ് പ്രോഗ്രാം ഓഫീസർ കെ.പി. അബ്ദുൾ ലത്തീഫ് സ്വാഗതവും കോളേജ് പി.ആർ.ഒ സാബു പൊൻ മേലിൽ നന്ദിയും പറഞ്ഞു.
ചടങ്ങിൽ കോളേജിൽ വിവിധ മത്സരങ്ങ ളിൽ വിജയികളവർക്ക് സമ്മാനങ്ങൾ വിതരണം ചെയ്തു.തുടർന്ന്മന്ത്രികൻ ആർ.കെ. മലയത്ത്
നയിച്ച ലഹരി വിമുക്ത ബോധവത്കകരണ മാജിക്കും, എൻ. എസ്. എസ് വിദ്യാർത്ഥികളുടെ ത്യത്ത സംഗീത നാടകവും അരങ്ങേറി



"മാറ്റുവിൻ ചട്ടങ്ങളെ സ്വയമല്ലെങ്കിൽ മാറ്റുമതുകളീ നിങ്ങളെത്താൻ" -







എഡിറ്റോറിയൽ

അക്ഷരങ്ങളിലേക്ക് ഒരു പുത്തൻ വെളിച്ചം
വായനയും അറിവും വിരൽത്തുമ്പിൽ വിരിയുന്ന ഈ കാലഘട്ടത്തിൽ, ഫാത്തിമ കോളേജ് ലൈബ്രറിയുടെ ചരിത്രത്തിൽ ഒരു പുതിയ അധ്യായം കുറിക്കുകയാണ്. ലൈബ്രറിയിൽ നിന്നുള്ള കന്നി ന്യൂസ് ലെറ്റർ 'The Spotlight' പ്രിയപ്പെട്ട വായനക്കാർക്ക് മുൻപിൽ അവതരിപ്പിക്കാൻ ഞങ്ങൾക്ക് ഏറെ സന്തോഷമുണ്ട്.

ഒരു ലൈബ്രറി എന്നത് കേവലം പുസ്തകങ്ങളുടെ ശേഖരമല്ല; മറിച്ച് അത് ആശയങ്ങളുടെയും സ്വപ്നങ്ങളുടെയും വളക്കൂറുള്ള മണ്ണാണ്. നമ്മുടെ കാമ്പസിലെ വൈജ്ഞാനിക വിശേഷങ്ങളും വായനാ ലോകത്തെ പുത്തൻ പ്രവണതകളും നിങ്ങളിലേക്ക് എത്തിക്കുക എന്ന ലക്ഷ്യത്തോടെയാണ് ഈ സംരംഭത്തിന് ഞങ്ങൾ തുടക്കം കുറിച്ചിരിക്കുന്നത്.

പരിമിതികൾക്കുള്ളിൽ നിന്നുകൊണ്ടുള്ള ഒരു എളിയ ശ്രമമാണിത്. ആദ്യത്തെ ചുവടുവെപ്പായതുകൊണ്ട് തന്നെ പോരായ്മകൾ പലതുമുണ്ടാകാം എന്ന് ഞങ്ങൾ തിരിച്ചറിയുന്നു. എങ്കിലും, ഒരു തുടക്കം എന്ന നിലയിൽ 'The Spotlight' നിങ്ങൾ ഏറ്റെടുക്കുമെന്ന് ഞങ്ങൾ പ്രതീക്ഷിക്കുന്നു. ഈ ന്യൂസ് ലെറ്ററിനെ വരും ലക്കങ്ങളിൽ കൂടുതൽ മികവുറ്റതാക്കാൻ നിങ്ങളുടെ ഓരോരുത്തരുടെയും നിർദ്ദേശങ്ങളും സഹകരണവും അനിവാര്യമാണ്.

സ്നേഹത്തോടെ,
എഡിറ്റോറിയൽ ബോർഡ്
ഫാത്തിമ കോളേജ് ലൈബ്രറി

